പത്രക്കുറിപ്പ്
18-5-2018

### തെരുവുനായ നിയന്ത്രണ പദ്ധതി ഊർജിതമാക്കാൻ

# എ.ബി.സി മൊബൈൽ സർജറി യൂണിറ്റുമായി കുടുംബശ്രീ സംരംഭകർ രംഗത്ത്

തിരുവനന്തപുരം: തെരുവുനായ നിയന്ത്രണ പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റ് വളപ്പിൽ നിന്നും കുടുംബശ്രീയുടെ കീഴിലുള്ള 'വിന്നേഴ്സ്' എ.ബി.സി മൊബൈൽ യൂണിറ്റ് കഴിഞ്ഞ ദിവസം ആറു നായ്ക്കളെ പിടി കൂടി. ഇവയെ മൊബൈൽ ഓപ്പറേഷൻ തിയേറ്ററിൽ വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്ത ശേഷം ആറ്റിങ്ങൾ മൃഗാശുപത്രിയിലെത്തിച്ച് ശസ്ത്രക്രിയാനന്തര പരിചരണങ്ങൾ നടത്തി വരികയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് പിടിച്ച സ്ഥലത്തു തന്നെ തിരികെ വിടും.

സംസ്ഥാനത്ത് ഇതാദ്യമായാണ് കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ പദ്ധതിക്കായി മൊബൈൽ സർജറി യൂണിറ്റ് ആരംഭിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കൂടുതൽ മൊബൈൽ സർജറി യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

ജില്ലയിലെ മുദാക്കൽ പഞ്ചായത്തിലെ കുടുംബശ്രീ വനിതകളായ രജനി.ടി.ജി, ജീവശ്രീ, കൂടാതെ സതീഷ് കുമാർ, ജിതേഷ് കെ.ജി, മുകേഷ് എന്നിവർ ചേർന്നാണ് സംരംഭം തുടങ്ങിയത്. ഈ മാസം ഒമ്പതിനായിരുന്നു മൊബൈൽ യൂണിറ്റിന്റെ ഉദ്ഘാടനം. സംരംഭം തുടങ്ങുന്നതിനായി ഇന്നവേഷൻ ഫണ്ടായി കുടുംബശ്രീ മൂന്നര ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് മൂന്നു ലക്ഷം രൂപയും നൽകിയിരുന്നു. കൂടാതെ പത്തു ലക്ഷം രൂപ ബാങ്ക് വായ്പയും എടുത്താണ് വാഹനം വാങ്ങി അതിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കിയത്. പൂർണമായും എയർകണ്ടീഷൻ ചെയ്ത മൊബൈൽ ഓപ്പറേഷൻ തിയേറ്ററിൽ ഓപ്പറേഷൻ ടേബിൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ, ഓട്ടോക്ളേവ്, ഫ്രിഡ്ജ്, അലമാര, വാട്ടർ ടാങ്ക്, വയറിങ്ങ് ഉൾപ്പെടെ എല്ലാ സൗകര്യവും ഉണ്ട്.

ശസ്ത്രക്രിക ചെയ്യുന്നതിനായി കുടുംബശ്രീ എംപാനൽ ചെയ്ത വിദഗ്ധ ഡോക്ടർമാരും രണ്ട് മെഡിക്കൽ അസിസ്റ്റന്റ്മാരും വാഹനത്തെ അനുഗമിക്കും. സെക്രട്ടേറിയറ്റ് വളപ്പിൽ നിന്നും പിടി കൂടിയ ഇവർ കഴിഞ്ഞ ദിവസം അഴൂർ പഞ്ചായത്തിൽ നിന്നും ഇരുപത്തിരണ്ട് നായ്ക്കളെ കൂടി പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയമാക്കിയിരുന്നു. ഈ നായ്ക്കൾക്കെല്ലാം ഇപ്പോൾ ശസ്ത്രക്രിയാനന്തര പരിചരണം നൽകി വരികയാണ്. ഇവയെ പിന്നീട് പിടിച്ച സ്ഥലത്തു തന്നെ തിരികെ വിടും. കഴിഞ്ഞ വർഷം കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോട്ടയം ജില്ലകളിൽ തെരുവുനായ നിയന്ത്രണ പദ്ധതി ആരംഭിച്ചിരുന്നു. ഇവിടെയെല്ലാം പദ്ധതി

പ്രവർത്തനങ്ങളിലൂടെ യൂണിറ്റ് അംഗങ്ങളായ അയൽക്കൂട്ട വനിതകൾക്ക് മികച്ച രീതിയിൽ വരുമാനം നേടാൻ സാധിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഇടുക്കി, ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളും പദ്ധതി നടപ്പാക്കാൻ താൽപര്യപ്പെട്ടു മുന്നോട്ടു വന്നിട്ടുണ്ട്. ഇവിടങ്ങളിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിച്ച് അതിലെ അംഗങ്ങൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകി വരികയാണ്. ഇവർ അടുത്ത മാസം മുതൽ പ്രവർത്തനമാരംഭിക്കും. സംസ്ഥാനത്ത് ഇപ്പോൾ അഞ്ഞൂറിലേറെ തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനത്ത് **13320** തെരുവുനായ്ക്കളെയാണ് പിടികൂടി വന്ധ്യംകരിച്ച് ശസ്ത്രക്രിയാനന്തര പരിചരണവും നൽകി വിട്ടയച്ചത്. തിരുവനന്തപുരം ജില്ലയിൽ നിന്നു മാത്രം അയ്യായിരത്തോളം തെരുവു നായ്ക്കളെ പിടിച്ച് വന്ധ്യംകരിക്കാൻ കഴിഞ്ഞു. ഇതുവഴി പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ഉപദ്രവം ഗണ്യമായ രീതിയിൽ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**